പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3140 28.01.2014 - ൽ മറുപടിക്ക്

## ദേശീയപാത 47 -ൽ നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത 47 -ൽ നാലു വരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തിയാക്കേണ്ട സർവ്വീസ് റോഡുകൾ, ബസ്ബേകൾ , ബസ്സ് ഷെൽട്ടറുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ, സ്ട്രീറ്റ് ലൈറ്റുകൾ, സിഗ്നലുകൾ എന്നിവ ഇനിയും പൂർത്തിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. എൻ.എച്ച്.എ.ഐ. മുഖേന നാലുവരിപ്പാതയായി വികസിപ്പിച്ച മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള റോഡിൽ ബി.ഒ.റ്റി. എഗ്രിമെന്റ് പ്രകാരം നിർമ്മിക്കേണ്ട 52.40 കി.മീ. സർവ്വീസ് റോഡും 50.69 കി.മീ. റോഡും നിർമ്മിച്ചു കഴിഞ്ഞു. ഇതിനുപുറമെ നിർമ്മിക്കേണ്ട 29 ബസ്ബേകൾക്കുവേണ്ടി 45 മീറ്റർ വീതിക്കു പുറമെയുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി നടന്നു വരുന്നു. നിലവിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി 12 ബസ്ബേയും 29 ബസ് ഷെൽട്ടറും നിർമ്മിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ആവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br>സർവ്വീസ് റോഡ് പൂർത്തിയായ സ്ഥലങ്ങളിൽ ഡ്രയിനേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി വന്ന ഡ്രെയിനേജിന്റെ പണി നടന്നു വരുന്നു.<br>കൺസഷൻ എഗ്രിമെന്റ് പ്രകാരമുള്ള തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെയുള്ളവ സ്പോൺസർ ഷിപ്പ് വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ 8 സിഗ്നലുകളും മീഡിയൻ ഓപ്പണിംഗ്സ് ഭാഗങ്ങളിൽ 4 സിഗ്നൽ സിസ്റ്റവും 8 ബ്ലിങ്കേഴ്സും സ്ഥാപിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട ദേശീയ പാതയിലെ ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ